# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.421 — 26.04.2017-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ നികുതി വരുമാനം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നോട്ടുനിരോധനം നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | നികുതി ഭരണം കാര്യക്ഷമമാക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്ക്രൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | 7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടി കൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതി ദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം. വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.<br>11. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി, കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പുകളുടെ ലൈസൻസ് ഫീസും റെന്റൽ തുകയും മുൻകൂറായി വാങ്ങിയ ശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്.എൽ1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോ വർഷത്തേയും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെയായി ഒടുക്കി വരുന്നു.<br>12. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.<br>13. 01/01/1986 മുതൽ 31.03.2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജി.ഒ(പി) |

| | | | |
|---|---|---|---|
| | | | നം.74/16/റ്റി.ഡി ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർവാല്യവേഷൻ കടിശ്ശിക തീർപ്പാക്കുവാൻ ജി.ഒ(പി) നം.75/16/റ്റി.ഡി ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ള്യൂ.ഡി മാനദണ്ഡ പ്രകാരമുള്ള വിലനിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28(ബി) എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 2016 ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6 ൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു.<br>14. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽ നിന്നും കടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം നോട്ടുനിരോധനം കാരണം പ്രതീക്ഷിച്ച നികുതി വരുമാനത്തേക്കാൾ എത്ര കുറവ് ഉണ്ടായി; വിശദാംശം നൽകുമോ? | (ബി) | കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച ശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:-<br><br>**<u>വാണിജ്യനികുതി വകുപ്പ്</u>:-** 2016-17 സാമ്പത്തിക വർഷം ഡിസംബർ - ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ 5479.39 കോടി രൂപയാണ് ലഭിച്ചത്. 849.61 കോടി രൂപയുടെ കുറവുണ്ടായി.<br><br>**<u>എക്സൈസ് വകുപ്പ്</u>:-** പ്രതീക്ഷിച്ച നികുതി |

| | | | |
|---|---|---|---|
| | | | വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി.<br><br>**<u>രജിസ്ട്രേഷൻ വകുപ്പ്</u>:-** പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ടായി.<br><br>**<u>ലാന്റ് റവന്യൂ വകുപ്പ്</u>:-** ഈ ഇനത്തിൽ 295.14 കോടി രൂപ പ്രതീക്ഷിച്ചതിൽ 230.56 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളു. 64.58 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.<br><br>**<u>മോട്ടോർ വാഹന വകുപ്പ്</u>:-** പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**